**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5395** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഗോസമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഗോസമൃദ്ധി എൻ.എൽ.എം. ഇൻഷുറൻസ് പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ; | (എ) | **സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതിയാണ് ഗോസമൃദ്ധി - എൻ.എൽ.എം പദ്ധതി.**<br><br>മൃഗസംരക്ഷണ വകുപ്പ് 2016-17 മുതൽ സംസ്ഥാനത്ത് കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് 60% കേന്ദ്ര സർക്കാർ ധനസഹായവും 40% സംസ്ഥാന സർക്കാർ ധനസഹായത്തോടെയും എൻ.എൽ.എം കന്നുകാലി ഇൻഷുറൻസ് പദ്ധതിയും, 2017-18 സാമ്പത്തിക വർഷം മുതൽ 100% സംസ്ഥാന സർക്കാർ ധനസഹായത്തോടെ ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു.<br><br>ടി പദ്ധതിയിൽ രണ്ടു വയസ്സ് മുതൽ പത്ത് വയസ്സ് വരെ പ്രായമുള്ള കറവയുള്ള പശുക്കൾ /എരുമകൾ, ഏഴ് മാസത്തിനു മുകളിൽ ഗർഭമുള്ള കിടാരികൾ/ എരുമ കിടാരികൾ എന്നിവയെ ഒരു വർഷ/മൂന്നു വർഷ പദ്ധതികളിൽ ഇൻഷ്വർ ചെയ്യാവുന്നതാണ്. ക്ഷീര കർഷകരുടെ വരുമാന മാർഗ്ഗമായ ഉരു ആകസ്മികമായി മരണപ്പെട്ടാലോ ഉത്പാദന പ്രത്യുല്പാദന ക്ഷമത നഷ്ടമായാലോ അവരുടെ ദൈനംദിന സാമ്പത്തിക ഭദ്രത താറുമാറാകാൻ കാരണമാകും. ആയതിനു ഒരു വലിയ പരിഹാരം എന്ന നിലയിലാണ് സർക്കാർ സബ്സിഡിയോടെ മൃഗസംരക്ഷണ വകുപ്പ് കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. കന്നുകാലി വളർത്തൽ ജീവനോപാധിയായിട്ടുള്ള കർഷക കുടുംബങ്ങൾക്ക് നേരിടേണ്ടിവരുന്ന നഷ്ടവും അനിശ്ചിതത്വവും നികത്തി, അവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കി, മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് സർക്കാരും വകുപ്പും കർഷകർക്ക് |

| | | | |
|---|---|---|---|
| | | | ഒരു കൈത്താങ്ങായി നിലനിൽക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര വർഷത്തേക്കാണ് ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതെന്ന് വിശദീകരിക്കാമോ; ജനറൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കർഷകർക്കായി പ്രത്യേകമായി പാക്കേജ് നിലവിലുണ്ടോ; | (ബി) | ടി പദ്ധതി പ്രകാരം ഒരു വർഷ പദ്ധതിയിലും മൂന്നു വർഷ പദ്ധതിയിലും ഉരുക്കളെ ഇൻഷ്വർ ചെയ്യാവുന്നതാണ്. നിലവിൽ ₹65,000 രൂപ വരെ മതിപ്പ വില വരുന്ന ഉരുക്കൾക്ക് ജനറൽ വിഭാഗത്തിൽ പ്രീമിയം തുകയുടെ 50% വും, എസ്.സി/ എസ്.ടി. വിഭാഗത്തിൽ പ്രീമിയം തുകയുടെ 70% വും സർക്കാർ സബ്സിഡിയായി നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃവിഹിതമായി എത്ര രൂപയാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ കർഷകന് അപകട ഇൻഷ്വറൻസ് ഉണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പദ്ധതിയിൽ. 65000/- രൂപ വരെ കന്നുകാലികൾക്കുള്ള മതിപ്പ് വിലയായി നിശ്ചയിച്ചിട്ടുള്ളതാണ്.<br><br>ഒരു വർഷത്തേക്ക് കന്നുകാലികളുടെ വിലയുടെ 4.48%, മൂന്ന് വർഷത്തേക്ക് 10.98% എന്ന രീതിയിൽ പ്രീമിയം നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.<br><br>ജനറൽ വിഭാഗത്തിൽ പ്രീമിയം തുകയുടെ 50% വും, എസ്.സി/എസ്.ടി. വിഭാഗത്തിൽ പ്രീമിയം തുകയുടെ 30% വും ഗുണഭോക്താവ് വഹിക്കേണ്ടതാണ്.<br><br>ഒരു ഉരുവിനെ ഒരു വർഷം ഇൻഷ്വർ ചെയ്യുമ്പോൾ 100 രൂപയും മൂന്ന് വർഷത്തേക്ക് ഇൻഷ്വർ ചെയ്യുകയാണെങ്കിൽ 250 രൂപയും കേരള ഫീഡ്സിൽ നിന്നും ഗുണഭോക്താവിന് അനുവദിക്കുന്നുണ്ട്. അതനുസരിച്ച ആനുപാതികമായ കുറവ് ഗുണഭോക്തൃവിഹിതത്തിൽ ഉണ്ടാകുന്നതാണ്.<br><br>ടി പദ്ധതിയിൽ കന്നുകാലികളുടെ ഉടമകൾക്ക് 5 ലക്ഷം രൂപയുള്ള personal accident പരിരക്ഷ (പരമാവധി 5 ലക്ഷം രൂപ മാത്രം) ഉണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷം, ഒരു ലക്ഷം രൂപയ്ക്ക് 20 രൂപ എന്ന നിരക്കിലാണ് കർഷകർക്കുള്ള അപകട ഇൻഷ്വറൻസിന് പ്രീമിയം വരുന്നത്. നടപ്പ് സാമ്പത്തിക വർഷം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി ചേർന്നാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ 2019 ലെ കന്നുകാലി സെൻസസിന്റെ അടിസ്ഥാനത്തിലാണ് ജില്ലകൾക്ക് ടാർഗറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ